നിർമ്മിക്കാനുള്ള ബഡ്ജറ്റ് നിർദ്ദേശം നടപ്പിലാക്കുന്നതിനും ഭരണാനുമതി നൽകുന്നതിനും നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

കോഴിക്കോട് ഡിവിഷന്റെ കീഴിൽ താമരശ്ശേരി റെയിഞ്ചിന്റെ അധികാര പരിധിയിൽ ആനക്കാംപൊയിൽ ഫോറസ്റ്റ് സ്റ്റേഷൻ കെട്ടിടങ്ങൾ ഇല്ല. 2010-2011 സാമ്പത്തിക വർഷത്തിൽ ആനക്കാംപൊയിൽ ഫോറസ്റ്റ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിനുള്ള ബജറ്റ് നിർദ്ദേശവും ഭരണാനുമതിയും നിലവിലില്ല.

വന്യമൃഗ സെൻസസ്

139 (4492) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വന്യമൃഗ സെൻസസ് എന്നാണ് അവസാനമായി നടത്തിയത് ;

(ബി) ആരെയൊക്കെയാണ് പ്രസ്തുത സെൻസസ് നടത്തുന്നതിനായി നിയോഗിച്ചത് ; ഉദ്യോഗസ്ഥരല്ലാതെ സന്നദ്ധ സംഘടനകളെയോ മറ്റ് ഏതെങ്കിലും വിഭാഗത്തിൽപ്പെട്ടവരെയോ നിയോഗിച്ചിരുന്നോ ;

(സി) സെൻസസ് അനുസരിച്ച് സംസ്ഥാനത്ത് വിവിധ ഇനത്തിൽപ്പെട്ട വന്യജീവികളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ സെൻസസിന് മുമ്പ് എന്നാണ് സെൻസസ് എടുത്തിട്ടുള്ളത് ; പ്രസ്തുത സെൻസസുകൾ പരിശോധിക്കുമ്പോൾ വന്യമൃഗങ്ങളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ടോ ;

(ഇ) ഏതൊക്കെ വന്യമൃഗങ്ങളാണ് വംശനാശഭീഷണി നേരിടുന്നതായി കണ്ടെത്തിയിട്ടുള്ളത് ; ഈ മൃഗങ്ങൾ വംശനാശം വന്ന് നശിക്കാതിരിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2002-ലാണ് സംസ്ഥാനത്ത് വന്യമൃഗങ്ങളുടെ പൊതുവായ സെൻസസ് അവസാനമായി നടത്തിയത്. എന്നാൽ 2010-ൽ ആനയുടേയും കടുവയുടേയും മാത്രം സെൻസസ് നടത്തുകയുണ്ടായി.

(ബി) സെൻസസ് പരിശീലനം ലഭിച്ച വനം വകുപ്പ് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ പൊതുജന പങ്കാളിത്തത്തോടെയാണ് വന്യമൃഗ സെൻസസ് നടത്തിയത്. വിവിധ സന്നദ്ധ സംഘടനകൾ ഇ.ഡി.സി. അംഗങ്ങൾ, വിദ്യാർത്ഥികൾ, യുവജനങ്ങൾ തുടങ്ങി വിവിധ വിഭാഗങ്ങളിൽപ്പെട്ടവർ സെൻസസിൽ പങ്കെടുക്കുകയുണ്ടായി.

(സി) 2002-ലെ വന്യമൃഗ സെൻസസ് പ്രകാരമുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

ഇനം	എണ്ണം
ആന	6939
കാട്ടുപോത്ത്	14787

LIBRARY ARCHIVES Kerala Legislative Assembly

കരിങ്കുരങ്ങ്	51517
മ്ലാവ്	30414
പുള്ളിമാൻ	38391
കാട്ടുപന്നി	60940
മലയണ്ണാൻ	88919
കടുവ	71 + 7

(ഡി) 2002-ന് മുമ്പ് 1997-ൽ ആണ് വന്യമൃഗസെൻസസ് നടത്തിയത്. ഈ രണ്ട് സെൻസസിന്റേയും കണക്കുകൾ പരിശോധിക്കുമ്പോൾ 2002 -ൽ വന്യജീവികളുടെ എണ്ണത്തിൽ വർദ്ധനവാണ് കാണുന്നത്.

(ഇ) കടുവ, മലബാർ വെരുഗ്, സിംഹവാലൻ കുരങ്ങ്, കരിങ്കുരങ്ങ്, കരടി, കാട്ടുപോത്ത്, കുരമാൻ, ചാമ്പൽ മലയണ്ണാൻ, കാട്ടുപന്നി, ആന, പുള്ളിപ്പുലി, മരനായ്, മീൻപിടിയൻ പൂച്ച, തുരുമ്പൻ പൂച്ച, (Rusty spotted Cat) നീർ നായ് മുതലായ വന്യമൃഗങ്ങളാണ് വംശനാശ ഭീഷണി നേരിടുന്നതായി കണ്ടെത്തിയിട്ടുള്ളത്.

വംശനാശം നേരിട്ടുകൊണ്ടിരിക്കുന്ന വന്യമൃഗസമ്പത്ത് സംരക്ഷിക്കുന്നതിന് താഴെ കൊടുത്തിട്ടുള്ള നടപടികൾ സ്വീകരിച്ചു നടപ്പിലാക്കി വരുന്നു.

- വനവും വന്യജീവി സംരക്ഷണവും ഉറപ്പുവരുത്തുന്നതിനായി കേരളത്തിലെ വനമേഖലയിൽ അഞ്ച് ദേശീയോദ്യാനങ്ങൾ, മൂന്ന് പക്ഷി സങ്കേതങ്ങൾ, പതിമൂന്ന് വന്യജീവി സംരക്ഷണ കേന്ദ്രങ്ങൾ എന്നിവ രൂപീകരിച്ച് സംരക്ഷണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

- വരയാടുകളുടെ സംരക്ഷണത്തിന് ഊന്നൽ നൽകിക്കൊണ്ട് മൂന്നാർ കേന്ദ്രമാക്കി ഇരവികുളം ദേശീയോദ്യാനം രൂപീകരിച്ച് സംരക്ഷിച്ചു വരുന്നു.

- കടുവകളുടെ സംരക്ഷണം മുൻനിർത്തി രണ്ട് കടുവാ സങ്കേതങ്ങൾ (പെരിയാർ കടുവാ സങ്കേതവും പറമ്പിക്കുളം കടുവാ സങ്കേതവും) രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

- ആനകളുടെ സംരക്ഷണത്തിനുവേണ്ടി ആന സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തി നിലമ്പൂർ, വയനാട്, ആനമുടി, പെരിയാർ എന്നീ നാല് എലിഫെന്റ് റിസർവ്വുകൾ രൂപീകരിച്ച് സംരക്ഷണം നടത്തിവരുന്നു.

- സംരക്ഷിത പ്രദേശങ്ങളിൽ ജനങ്ങളുടെ വനാശ്രിതത്വം കുറയ്ക്കുക, ജനങ്ങൾക്ക് പകരം ജീവനോപാധി ലഭ്യമാക്കുക, ജനങ്ങളുടെ പങ്കാളിത്തത്തോടെ വനസംരക്ഷണം നടപ്പാക്കുക എന്നിവ ലക്ഷ്യമാക്കി ഇക്കോ ഡെവലപ്പ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു.

- വനത്തിനുള്ളിൽ മൃഗങ്ങൾക്ക് ജലലഭ്യത ഉറപ്പാക്കുന്നതിന് തടയണകൾ നിർമ്മിച്ചും ജലസ്രോതസ്സുകൾ സംരക്ഷിച്ചും മണ്ണാലിപ്പ് തടഞ്ഞും ജലസംരക്ഷണം സാധ്യമാക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

◆ പന, മുള, ഫലവൃക്ഷങ്ങൾ മുതലായവ വച്ച് പിടിപ്പിച്ച് ആഹാര ലഭ്യത വർദ്ധിപ്പിക്കുന്നു.

◆ കുറ്റകൃത്യങ്ങൾ യഥാസമയം കണ്ടുപിടിച്ച് അതിന്മേൽ നടപടി സ്വീകരിക്കുന്നതിന് ഫോറസ്റ്റ് ഇന്റലിജൻസ് സെല്ലിന്റെ പ്രവർത്തനം ശക്തമാക്കിയിട്ടുണ്ട്.

◆ മൃഗവേട്ടയ്ക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും വന്യജീവി സംരക്ഷണ നിയമപ്രകാരം കേസ്സുകളെടുത്ത് കർശന ശിക്ഷ ഉറപ്പാക്കുകയും ചെയ്യുന്നു.

◆ മൃഗവേട്ടയുമായി ബന്ധപ്പെട്ട് ആവശ്യമായ വിവരം നൽകുന്നവർക്ക് പ്രതിഫലം നൽകുന്നുണ്ട്.

◆ മൃഗവേട്ട തടയുന്നതിന് കുറ്റകൃത്യങ്ങൾ നടക്കാൻ സാധ്യതയുള്ള പ്രശ്ന പ്രദേശങ്ങളിൽ ആന്റിപോച്ചിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കുകയും ജീവനക്കാരെ ഫീൽഡ് പട്രോളിംഗിനായി സജ്ജരാക്കുകയും അവർക്ക് വാഹനം, വാർത്താവിനിമയ ഉപകരണങ്ങൾ, ആയുധം എന്നിവ നൽകി ഫീൽഡ് പരിശോധന ഫലവത്താക്കുകയും ചെയ്തിട്ടുണ്ട്.

◆ വന്യജീവി സംരക്ഷണം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ വനം വന്യജീവി വകുപ്പുകളുടെ ഏകോപന സമിതി രൂപീകരിച്ച് കർമ്മ പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നു. അയൽ സംസ്ഥാനങ്ങളുമായുള്ള അതിർത്തി പ്രദേശങ്ങളിലെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരും വൈൽഡ് ലൈഫ് വാർഡൻമാരും സംരക്ഷണ സംബന്ധമായ വിവരങ്ങൾ പരസ്പരം കൈമാറുകയും സംയുക്ത പട്രോളിംഗ് നടത്തി സംരക്ഷണ പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിന് നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്.

◆ വനത്തിന്റെയും വന്യജീവികളുടെയും സംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് പ്രകൃതി പഠന ക്യാമ്പുകൾ നടത്തുന്നുണ്ട്.

കാടിനു പുറത്ത് കടുവകളുടെ വംശവർദ്ധന നടത്തുവാൻ നടപടി

140 (4493) ശ്രീ. കെ. വി. അബ്ദുൾ ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ കാടുകളിൽ ഇപ്പോൾ എത്ര കടുവകൾ ഉള്ളതായാണ് സർവ്വേയിൽ വ്യക്തമാക്കിയിട്ടുള്ളത് ;

(ബി) കടുവാ സംരക്ഷണത്തിന് നടപ്പിലാക്കിയ പദ്ധതികൾ വിജയകരമായിരുന്നുവോ ;

LIBRARY ARCHIVES Kerala Legislative Assembly